LIBRARY ARCHIVES Kerala Legislative Assembly

ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനങ്ങളും നേരിടുന്ന വെല്ലുവിളികളും

227 (6678) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പാക്കുന്ന ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. വിവിധ തീയതികളിൽ ചേർന്ന യോഗങ്ങളിൽ ഗോത്രസാരഥിനടത്തിപ്പ്, പുരോഗതി വിവരം എന്നിവ വിലയിരുത്തിയിട്ടുണ്ട്. 2014-15 വർഷത്തിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെയാണ് അർഹമായ സ്കൂളുകളെ തെരഞ്ഞെടുക്കുന്നത്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ കുട്ടികളെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പര്യാപ്തമായിട്ടുള്ള ഫണ്ട് ലഭ്യമല്ല. കൂടാതെ ദുർഘട മേഖലയിൽ അല്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്നും വാഹനങ്ങൾക്കായി ധാരാളംപേർ ആവശ്യപ്പെടുന്നുണ്ട്. ആയതിനാൽ ഏറ്റവും അർഹരായ കുട്ടികളെ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) 2014-15 വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് പുതിയ മാനദണ്ഡങ്ങളനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറികളുടെ പ്രവർത്തനാനുമതി

228 (6679) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്കായി നൽകിയിട്ടുള്ള ഭൂമിയിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ ?